# നിയമസഭാ തിരഞ്ഞെടുപ്പ് ഫലവും ഭാവിയിലെ കടമകളും

2011 ജൂൺ 30



അഞ്ചു സംസ്ഥാനങ്ങളിൽ – പശ്ചിമ ബംഗാൾ, കേരളം, തമിഴ്നാട്, പോണ്ടിച്ചേരി, അസം – നടന്ന തിരഞ്ഞെടുപ്പുകളെക്കുറിച്ചുള്ള പ്രാഥമിക വിലയിരുത്തൽ സംസ്ഥാന കമ്മിറ്റികൾ നാഷണൽ കൗൺസിലിനു സമർപ്പിച്ചിരുന്നു. യോഗം ഇവ പരിഗണിച്ചു.

ഈ തിരഞ്ഞെടുപ്പു ഫലങ്ങൾ സംബന്ധിച്ച് ചില നിഗമനങ്ങളിൽ നാഷണൽ കൗൺസിൽ എത്തിച്ചേർന്നു. അവയുടെ പ്രധാന ഭാഗങ്ങൾ താഴെ ചുവടെ.

ഡിഎംകെ–കോൺഗ്രസ് മുന്നണിയുടെ ഇരുണ്ട അഴിമതിയുടെ പശ്ചാത്തലത്തിൽ ആ മുന്നണിയെ തമിഴ്നാട്ടിലെ ജനങ്ങൾ നിരാകരിച്ചു. എഐഎഡിഎംകെ മുന്നണിയുടെ ഭാഗമെന്ന നിലയിൽ ചെറിയ നേട്ടങ്ങൾ കൈവരിക്കുവാൻ ഇവിടെ ഇടതുപക്ഷത്തിനു കഴിഞ്ഞു.

പോണ്ടിച്ചേരിയിലും ജനങ്ങൾ തിരഞ്ഞെടുത്തത് താരതമ്യേന സത്യസന്ധനും കോൺഗ്രസ് പുറത്താക്കിയതുമായ ഒരു നേതാവ് രൂപീകരിച്ച പുതിയ പാർട്ടിയെയാണ്. പോണ്ടിച്ചേരി അസംബ്ലിയിൽ സി പി ഐക്ക് ഉണ്ടായിരുന്ന പ്രാതിനിധ്യം നഷ്ടപ്പെട്ടു.

അസമിൽ കോൺഗ്രസ് ഗവണ്മെന്റ് ഉൾഫ തീവ്രവാദികളുമായാരംഭിച്ച സമാധാന ചർച്ചയ്ക്ക് ലഭിച്ച പിന്തുണയാണ് കോൺഗ്രസിനെ അധികാരത്തിലെത്തിച്ചത്. ബിജെപിയും എജിപിയും ഒരു ഭാഗത്തും യുഡിഎഫ് മറുഭാഗത്തും നിന്നുകൊണ്ട് ഭൂരിപക്ഷ സമുദായത്തേയും ന്യൂനപക്ഷ സമുദായത്തേയും രണ്ടു തട്ടുകളിലാക്കിയത് കോൺഗ്രസിനു ഗുണം ചെയ്തു. അസമിൽ കോൺഗ്രസ് അധികാരത്തിലെത്തി. സിപിഐക്ക് അസം നിയമസഭയിലുണ്ടായിരുന്ന പ്രാതിനിധ്യം നഷ്ടപ്പെട്ടു.

മുപ്പത്തി നാലു വർഷമായി തുടർച്ചയായി ഭരണത്തിലിരുന്ന ഇടതു മുന്നണിയുടെ പരാജയം പശ്ചിമബംഗാളിൽ സംഭവിച്ചത് സുപ്രധാനമായൊരു സംഭവമാണ്. നേരത്തെ നടന്ന പാർലമെന്റ്, പഞ്ചായത്തു തിരഞ്ഞെടുപ്പുകളിലുണ്ടായ വൻ തിരിച്ചടിയെ നേരിട്ട് പിടിച്ചു നിൽക്കാൻ ഒരു പരിധിവരെ ഇടതുപക്ഷത്തിനു കഴിഞ്ഞു. 41 ശതമാനം വോട്ടും ലഭിച്ചു. സീറ്റുകൾ കണ്ടമാനം നഷ്ടപ്പെട്ടു, ഭരണവും. ഇതു കേവലമൊരു തിരഞ്ഞെടുപ്പു പരാജയമായി നാം കണ്ടുകൂടാ. 34 വർഷം തുടർച്ചയായി അധികാരത്തിലിരുന്ന ഇടതുപക്ഷത്തിനു നേരിട്ട ഒരു വലിയ രാഷ്ട്രീയ പരാജയമായിത്തന്നെ ഈ തിരഞ്ഞെടുപ്പു വിധി കണക്കാക്കപ്പെടണം. അധികാരത്തിന്റെ ധാർഷ്ട്യം,

സ്റ്റേറ്റിന്റെ വ്യവസായ വൽക്കരണം സംബന്ധിച്ച് ജനഹിതം പൂർണമായി അവഗണിച്ചുകൊണ്ട് ഏകപക്ഷീയമായി കൈക്കൊണ്ട തീരുമാനങ്ങൾ, മത ഭാഷാ ന്യൂനപക്ഷങ്ങളുടെ തികച്ചും ന്യായമായ ആവശ്യങ്ങളവഗണിച്ചത്, മുന്നണിയിലെ മുഖ്യകക്ഷിയായ സി പി എം സ്വീകരിച്ച വലിയേട്ടൻ മനോഭാവം, ജനജീവിതത്തിന്റെ എല്ലാ വശങ്ങളിലും അവർ നടത്തിയിരുന്ന അവിഹിത മായ ഇടപെടലുകൾ ഇവയൊക്കെ ഭരണത്തിലിരിക്കുന്നവരെ ജനങ്ങളിൽ നിന്ന് ക്രമേണ ഒറ്റ പ്പെടുത്തി. ഇവ പരാജയത്തിനു വഴിവച്ച കാരണങ്ങളാണ്. ഇതിനും പുറമെ പാർട്ടിയുടെ താഴെ തലങ്ങളിലും കുറേയൊക്കെ മിഡിൽ ലീഡർഷിപ്പിലും കടന്നുചെന്ന അഴിമതിയുടെ വാസനയും പരാജയത്തിന്റെ മുഖ്യ കാരണമായി.

ഇതുപറയുമ്പോൾതന്നെ ബംഗാൾ സിപിഐ ഘടകം അതിന്റെ സ്വന്തം പരാജയകാരണങ്ങൾ പ്രത്യേകമായി പരിശോധിക്കേണ്ടതാണ്. കഴിഞ്ഞ അസംബ്ലിയിൽ ഏഴ് അംഗങ്ങളുണ്ടായിരുന്ന സി പിഐക്ക് ഇത്തവണ രണ്ട് സീറ്റു മാത്രമേ ഉള്ളൂ. ഇതിന്റെ സംഘടനാപരവും രാഷ്ട്രീയവുമായ കാരണങ്ങൾ ആഴത്തിൽപരിശോധിക്കേണ്ടതാൺ.

എന്നാൽ കേരളത്തിൽ നടന്നതു മറ്റൊന്നാണ്. ഭരണത്തിലിരുന്ന എൽഡിഎഫ് വിജയത്തിന്റെ വക്കോളമെത്തി പുതിയ ചരിത്രം സൃഷ്ടിക്കുമെന്നൊരു തോന്നൽ സൃഷ്ടിച്ചു. ആയിരത്തിൽ താഴെ വോട്ടിന് എൽഡിഎഫിന് നഷ്ടപ്പെട്ട ആറു സീറ്റുകൾ നഷ്ടപ്പെടാതിരുന്നെങ്കിൽ ചരിത്രം മാറ്റി എഴുതപ്പെടുമായിരുന്നു. എന്തുകൊണ്ടിത് നഷ്ടപ്പെട്ടുവെന്നു ബന്ധപ്പെട്ടവർ, അതിന്റെ രാഷ്ട്രീയവും സംഘടനാപരവുമായ കാര്യങ്ങൾ ആഴത്തിൽ പഠിക്കേണ്ടതാവശ്യമാണ്. എൽഡിഎഫ് മന്ത്രിമാർ ക്കെതിരെ ഒരഴിമതി ആരോപണവും ഉന്നയിക്കപ്പെട്ടിരുന്നില്ല എന്നത് ശ്രദ്ധേയമാണ്. അഴിമതി ക്കാരായ വൻ രാഷ്ട്രീയ നേതാക്കൾ ഉൾപ്പെട്ട അഴിമതി കേസുകളിൽ എൽഡിഎഫ് സർക്കാർ സ്വീകരിച്ച കർക്കശ നിലപാടിന് ജനങ്ങൾ അംഗീകാരം നൽകി. ആ നിലപാടുകളെ അവർ അഭിനന്ദിച്ചു. നവലിബറൽ സാമ്പത്തിക നയം നടപ്പാക്കപ്പെട്ടപ്പോൾ വിലക്കയറ്റം, പൂഴ്ത്തിവയ്പ്പ് തുടങ്ങിയ അതിന്റെ ദുരന്തങ്ങൾ സാധാരണഗതിയിൽ ജനജീവിതം അസഹനീയമാക്കുമായിരുന്നു. സുശക്തമായ മാർക്കറ്റ് ഇടപെടലിലൂടെ വിലക്കയറ്റം പിടിച്ചു നിറുത്തുവാനും വിപുലമായ പൊതു വിതരണ ശൃംഖലയിലൂടെ അത്യാവശ്യ സാധനങ്ങളുടെ ലഭ്യത ജനങ്ങൾക്കുറപ്പു വരുത്തുവാനും എൽഡിഎഫ് ശ്രമിക്കുകയും നന്നായി വിജയിക്കുകയും ചെയ്തു. പൊതുമേഖല വ്യവസായ ശൃംഖലയെ ശക്തമാക്കി, വികസിപ്പിച്ചു. ജനോപകാരപ്രദമായ നിരവധി നടപടികൾ ആ സർക്കാർ സ്വീകരിച്ചു.

അവ ഫലപ്രദമായി ജനങ്ങൾക്കിടയിൽ എൽഡിഎഫ് ഒന്നിച്ചു നിന്നുകൊണ്ട് പ്രചരിപ്പിച്ചപ്പോൾ ജനങ്ങൾ വീണ്ടും എൽഡിഎഫിന്റെ പിന്നിലണി നിരന്നു. അതുകൊണ്ടാണ് വൻ തിരിച്ചടികൾ, പാർലമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ, ഏറ്റ എൽഡിഎഫിന് അസംബ്ലി തിരഞ്ഞെടുപ്പിന്റെ സമയത്ത് വലിയൊരു തിരിച്ചുവരവ് നടത്തുവാൻ കഴിഞ്ഞത്. ഭൂരിപക്ഷത്തിനടുത്തെത്തി എൽഡിഎഫ്. ഭൂരിപക്ഷമില്ലാത്തതിനാൽ അധികാരംനഷ്ടപ്പെടുകയും ചെയ്തു. **രണ്ടു** മുന്നണികൾക്കും ലഭിച്ച സീറ്റുകളുടെ കാര്യത്തിലും വോട്ടിന്റെ കാര്യത്തിലും വളരെ ചെറിയ വ്യത്യാസമേ ഉള്ളൂ.

ഈ സന്ദർഭത്തിൽ ഗൗരവമായി പരിശോധിക്കേണ്ട ഒരു കാര്യം ആയിരത്തിൽതാഴെ വോട്ടിന് എൽ ഡിഎഫിന് നഷ്ടപ്പെട്ട ആറ് സീറ്റുകൾ എങ്ങനെ നഷ്ടപ്പെട്ടുവെന്നതാണ്. അതിന്റെ രാഷ്ട്രീയവും സംഘടനാപരവുമായ കാര്യങ്ങളുൾപ്പടെ ആഴത്തിൽ പരിശോധിക്കണം.

ജയിക്കുമെന്നുറപ്പായി കരുതിയിരുന്ന വടക്കൻ പറവൂർ, നെടുമങ്ങാട്, പട്ടാമ്പി സീറ്റുകൾ എന്തുകൊണ്ട് സിപിഐക്ക് നഷ്ടപ്പെട്ടുവെന്നതിനെ കുറിച്ച് ഒരു പരിശോധന നടത്തിക്കൊണ്ടി രിക്കുകയാണ്.

ഈ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിൻ വന്ന തിരിച്ചടി മറികടക്കണമെങ്കിൽ ബോധപൂർവ്വമായ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. ഇടതുപക്ഷവും സിപിഐയും മത്സരിക്കുന്ന മണ്ഡല

ങ്ങളിൽ പാർട്ടിയുടെ ബഹുജനാടിസ്ഥാനം വിപുലീകരിക്കുന്നതിനും ഇടതു ബഹുജന സംഘടന കൾ കെട്ടിപ്പടുത്ത് ബഹുജന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിലും ഇന്നത്തേതിലും വളരെ മെച്ചപ്പെട്ട പ്രവർത്തനം നിരന്തരം നടത്തിയേ മതിയാകൂ.

ജനാധിപത്യത്തിൽ ജനങ്ങളാണ് യജമാനന്മാർ എന്ന പ്രാഥമിക വസ്തുത വിസ്മരിക്കരുത്. അവരെ സേവിക്കുന്നവരാണ് രാഷ്ട്രീയ പ്രവർത്തകർ, മറിച്ച് അവരുടെ യജമാനന്മാരല്ല എന്ന തിരിച്ചറിവു ണ്ടാകണം വേണ്ടുവോളം. രാഷ്ട്രീയ പ്രവർത്തകർ അവരുടെ ജീവിത രീതിയിലും പ്രവർത്തന ശൈലിയിലുമൊക്കെ വിനയാന്വിതരായിരിക്കണം. അഴിമതിയുടെ കറപുരളാത്ത ജീവിതവും പ്രവർത്തനവും ഇടതുപക്ഷം കാഴ്ചവയ്ക്കണം.

ഈ പ്രശ്നങ്ങൾ ദേശീയ കൗൺസിൽ ചർച്ചയിൽ സഖാക്കൾ ആവർത്തിച്ച് പ്രഖ്യാപിക്കുക യുണ്ടായി. ഇക്കാര്യം സി പി ഐ പ്രവർത്തകരും നേതാക്കളും തങ്ങളുടെ പ്രവർത്തനശൈലിയുടെ ഭാഗമാക്കണമെന്നും ആഹ്വാനം ചെയ്തു.

ഈ തിരഞ്ഞെടുപ്പിലെ പരാജയം താൽക്കാലികമാണെങ്കിലും ഇടതുപക്ഷ ജനാധിപത്യ ബദൽ എന്ന സങ്കൽപത്തിനും കാഴ്ചപ്പാടിനും മങ്ങലേൽപ്പിച്ചിട്ടുണ്ട്. അതു മനസ്സിലാക്കി ഇടതുപക്ഷ പാർട്ടികൾ കൂടുതൽ ഐക്യത്തോടെ ജനകീയ പ്രശ്നങ്ങളിലിടപെട്ടു പ്രവർത്തിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

വിശാലമായ ഇന്ത്യയിലെ ഹിന്ദി മേഖലയിലും നാട്ടിൻപുറങ്ങളിൽ പൊതുവെയും ഇടതുപക്ഷം ഇന്നു ദുർബലാണ്. അതുപോലെ തന്നെ പരമ്പരാഗതമായി ഇടതുപക്ഷത്തെ ഉറ്റുനോക്കിയിരുന്ന ആദിവാസികളും ദലിത് ജനവിഭാഗങ്ങളും മത ന്യൂനപക്ഷങ്ങളും ക്രമേണ ഇടതുപക്ഷത്തിൽ നിന്നകലുന്നുണ്ട് എന്ന അപകടകരമായ വസ്തുത തിരിച്ചറിഞ്ഞുകൊണ്ട് ആ ജനവിഭാഗങ്ങൾ ക്കിടയിൽ കാലോചിതമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും പ്രവർത്തനശൈലി പുനരാ വിഷ്കരിക്കുകയും ചെയ്ത് നഷ്ടപ്പെട്ട സ്വാധീനം വീണ്ടെടുക്കണം.

ഈവിധ പ്രവർത്തനത്തിലൂടെ ലക്ഷ്യബോധത്തോടെ പ്രവർത്തിച്ച് ഇടതുപക്ഷ ജനാധിപത്യ ബദലിന്റെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്തുന്നതിനുള്ള പ്രയാസകരമെങ്കിലും അനുപേക്ഷണീ യമായ കടമ നിർവഹിക്കുന്നതിൻ സി പി ഐയും മറ്റ് ഇടതുപക്ഷ പ്രസ്ഥാനങ്ങളും നിരന്തരം പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യം ദേശീയ കൗൺസിൽ ചൂണ്ടിക്കാട്ടി. ഭാവിയെക്കുറിച്ചു ചിന്തിക്കുമ്പോൾ ഇതല്ലാതെ മറ്റൊരു വഴി നമ്മുടെ മുമ്പിലില്ല.